പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2689 20.06.2013-ൽ മറുപടിക്ക്.

**ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം അനുവദിച്ച തുക**

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ശ്രീ. എം. ഹംസ : | | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) | 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ വിദ്യാഭ്യാസ വകുപ്പിനായി എത്ര തുക അനുവദിച്ചിട്ടുണ്ട്; | (എ) | 29 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് എന്തെല്ലാം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചി- ട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | തുക ചെലവഴിച്ചിട്ടില്ല. രണ്ട് മുതൽ എട്ട് വരെ ക്ലാസുകളിലെ കുട്ടികൾക്ക് സൗജന്യമായി പാഠപുസ്തകം വിതരണം ചെയ്യുന്നതിന് നിർദ്ദേശം നൽകി |
| (സി) | 13-ാം ധനകാര്യ കമ്മീഷനിലെ 2010-11, 2011-12, 2012-13 വർഷങ്ങളിലെ തുക ഏതെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിച്ച- തെന്ന് വിശദാംശം ലഭ്യമാക്കാമോ; | (സി) | 2010-11-ൽ 25 കോടിയും 2011-12 ൽ 27 കോടിയും 12-13 ൽ 28 കോടിയും ലഭ്യമായി. ടി തുക സൗജന്യ പാഠപുസ്തകവിതരണം, പെൺകുട്ടി- കളുടെ വിദ്യാഭ്യാസം, ആദ്യകാല ശിശുപരിപാലനം. എസ്.സി/എസ്.റ്റി കുട്ടികളുടേയും പിന്നോക്ക വിഭാഗങ്ങളുടെയും വിദ്യാഭ്യാസം, സ്കൂൾ അറ്റകുറ്റ പണികൾ കുട്ടികളുടെ ഗ്രാന്റ്, ടീച്ചർ ഗ്രാന്റ് എന്നീ കാര്യങ്ങൾക്ക് വിനിയോഗിച്ചു. |

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| (ഡി) 2010-11 മുതൽ 2012-13 വർഷങ്ങളിലെ ധനകാര്യ കമ്മീഷൻ തുക ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ വിദ്യാഭ്യാസ മേഖലയിൽ ഏന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ; | (ഡി) | 2010-11 മുതൽ 2012-13 വർഷങ്ങളിൽ ധനകാര്യ കമ്മീഷൻ വഴി ലഭിച്ച തുക ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ ജില്ല/മണ്ഡലം തിരിച്ച് ലഭ്യമല്ല. എന്നാൽ മേൽപറഞ്ഞ കാലയളവിൽ പാലക്കാട് ജില്ലയിലും ഒറ്റപ്പാലം മണ്ഡലത്തിലും നടത്തിയ എസ്.എസ്.എ യുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊളളിച്ചിട്ടുണ്ട്. |
| (ഇ) 2010-11 മുതൽ 2012-13 വർഷങ്ങളിലെ ധനകാര്യ കമ്മീഷൻ തുക ഉപയോഗിച്ച് ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ ? | (ഇ) | |

Kumar Prasad R

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**